## 3
## വിഭാഗരഹിത ക്രിസ്ത്യാനിത്വം-
# അതു
# ആവശ്യമുണ്ടോ?

പരിശുദ്ധാത്മാവു നല്കിയ രേഖയനുസരിച്ചു പെന്തെക്കൊസ്തു നാളിൽ ക്രിസ്തുവിൽ ആയിത്തീർന്ന ആരോടും, ശിഷ്യന്മാരിൽ ആരും "സഭയിലേക്കു ചേരുന്നതിനെക്കുറിച്ചു" സംസാരിച്ചില്ല. തീർച്ചയായും അക്കാലത്തു "സഭയോടുള്ള ബന്ധം തിരഞ്ഞെടുക്കാവുന്ന" തല്ല. ഈ "പുതിയ പരിവർത്തകരോടു," ഒരു ഉപദേഷ്ടാവും "നിങ്ങൾക്ക് ഇഷ്ട മുള്ളവ തിരഞ്ഞെടുക്കാം" എന്നിങ്ങനെ പറഞ്ഞില്ല. അന്നു ഒരേ ഒരു സഭ മാത്രമാണ് ഉണ്ടായിരുന്നത്, രക്ഷിക്കപ്പെട്ടവരെല്ലാം അതിൽ ഉൾപ്പെട്ടിരുന്നു - അതിലേക്കു അവർ "ചേർന്നതു" കൊണ്ടായിരുന്നില്ല, മറ്റു സഭകളേക്കാൾ അതു അവർക്ക് ഇഷ്ടമായതുകൊണ്ടുമല്ല, അവരെ കർത്താവിന്റെ വിലയേറിയ രക്തത്താൽ വിലെക്കുവാങ്ങിയതാണ്. അതേ ദിവസം, അതേ മണിക്കൂറിൽ, അതേ മിനിറ്റിൽ അവർ അവന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടപ്പോൾ തന്നെ, ദൈവത്തിന്റെ വിലെക്കു വാങ്ങിയ അവകാശമായിത്തീർന്നു. അവന്റേതായതുകൊണ്ട്, അവർ അവന്റെ ആളുകളോടു, കർത്താവു നിർമ്മിച്ച ശരീരത്തോടു ചേർക്കപ്പെട്ടു; കാരണം അവൻ രക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു. ഈ ആളുകൾ ഭൂമിയിലെ രക്ഷിക്കപ്പെട്ടവരാണ്, അതായിരുന്നു യെരുശലേമിലെ സഭ.

ഇപ്പോൾ, ആദ്യ ക്രിസ്ത്യാനികൾ, മറ്റൊന്നുമല്ല, മതപരമായി ക്രിസ്ത്യാനികൾ മാത്രമായി അറിയപ്പെട്ടു. അവർ ഒരു നാമധേയ വിഭാഗത്തിലും പെട്ടിരുന്നില്ല, അവർ വെറും നാമധേയരഹിത ക്രിസ്ത്യാനിയും, രക്ഷിക്കപ്പെട്ട, ദൈവത്തിന്റെ സഭയുമായിരുന്നു. അവർ ഈ ആളുകൾക്കുള്ളവരാകുവാൻ കാരണം ദൈവം ആണ് അവരെ തന്റെ സഭയോടു ചേർത്തതു. ആ ആളുകൾ, അങ്ങനെ ജീവിച്ചു, അങ്ങനെ മാത്രം അറിയപ്പെട്ടു മരിച്ചു എങ്കിൽ, എനിക്കും, ആദ്യ ക്രിസ്ത്യാനികളെ പോലെ അങ്ങനെ ജീവിച്ചു, മരിക്കുവാനുള്ള അവകാശത്തെ തടുക്കുവാൻ ആർക്കു കഴിയും? അവരെ പോലെ ക്രിസ്ത്യാനിയായി തീരുവാനുള്ള എന്റെ അവകാശത്തെ ആർക്കു തള്ളിക്കളയുവാൻ

കഴിയും അതല്ലേ എന്റെ ഒഴിച്ചുകൂടാനാവാത്ത കടമയും?

ഈ ക്രിസ്ത്യാനികളെക്കാൾ കൂടുതലായി എനിക്കു വിശ്വസ്തതയോടെ പരിശുദ്ധാത്മാവിനെ പിൻപറ്റുവാൻ കഴിയുമോ? ഭൂമിയിലെ ആദ്യ ക്രിസ്ത്യാനികൾ നാമധേയവിഭാഗത്തിൽ പെടാത്തവരായിരുന്നു; അതായതു, അവർ ഒരു വിഭാഗത്തിലും അംഗമായിരുന്നില്ല. അവർ പരിശുദ്ധാത്മാവിനാൽ അങ്ങനെ നയിക്കപ്പെട്ടുവെങ്കിൽ ഒരാൾ പരിശുദ്ധാത്മാവിന്റെ നായകത്വത്തെ വിട്ടു നാമധേയ ക്രിസ്ത്യാനി ആകാമോ? ക്രിസ്ത്യാനി ആയിത്തീരുക, ക്രിസ്ത്യാനിയായി മാത്രം തീരുക എന്നതു അത്യന്താപേക്ഷിതമായ എന്റെ അവകാശവും, ഒഴിച്ചുകൂടാനാവാത്ത കർത്തവ്യവുമാണ്; മറ്റൊരു രീതിയിലും എനിക്കു വിശ്വസ്തതയോടെ പരിശുദ്ധാത്മാവിനെ പിൻപറ്റുവാൻ സാധ്യമല്ല. ഞാൻ, അതുകൊണ്ടു, ഒരു നാമധേയപേരില്ലാതെ, മറ്റുള്ളവരെ അ - ക്രൈസ്തവർ ആക്കുന്ന കുറ്റം വരാതിരിക്കുവാൻ ആത്മാവിന്റെ നിർദ്ദേശം വിശ്വസ്തമായി പിൻപറ്റുവാൻ ശ്രമിച്ചുകൊള്ളട്ടെ?

കഴിവതും ഓരോ ആത്മാവിനേയും ക്രിസ്തുവിന്റെ രക്തത്തിലേക്കു നയിക്കുക എന്നതു, എന്റെ ചുമലിൽ ചുമത്തപ്പെട്ട, എന്റെ കടമയാണ്; അങ്ങനെ ആ വ്യക്തികൾ രക്ഷിക്കപ്പെടും. ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ നായകത്വത്തിലേക്കു ഓരോ ആത്മാവിനേയും നയിക്കുക എന്നതു എന്റെ കടമയാണ്. ദൈവാത്മാവാലുള്ള ക്രിസ്ത്യാനികൾ നാമധേയരഹിത ക്രിസ്ത്യാനികളാകയാൽ, അത്തരം ക്രിസ്ത്യാനികളെ ഓരോരുത്തരേയും സഹായിച്ചു, പ്രോത്സാഹിപ്പിച്ചു പുതിയ നിയമത്തിൽ ആത്മാവിനാൽ നയിക്കപ്പെട്ട ക്രിസ്ത്യാനികളെ പോലെ ആക്കിത്തീർക്കുക എന്നതു എന്റെ കർത്തവ്യമല്ലേ? അക്കാരണത്താൽ, ക്രിസ്ത്യാനികളായിത്തീരുവാൻ ആഗ്രഹിക്കുന്ന എല്ലാവരോടും ഞാൻ അപേക്ഷിക്കുന്നതു - ആദ്യകാലയളവിൽ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട ആ ക്രിസ്ത്യാനികളെ പോലെ - നാമധേയവിഭാഗത്തിൽ നിന്നു മാറി, അവരുമായി ഒരു ബന്ധവുമില്ലാതെയിരിക്കുക. പരിശുദ്ധാത്മാവിനെ പിൻപറ്റുന്ന ഒരു ക്രിസ്ത്യാനിക്കും, തീർച്ചയായും നാമധേയ വിഭാഗത്തോടു കൂട്ടായ്മ പുലർത്തുവാൻ സാധ്യമല്ല, കാരണം ദൈവാത്മാവു ഒരു ക്രിസ്ത്യാനിയേയും നാമധേയവിഭാഗത്തിലേക്കു നയിക്കുന്നില്ല. സൂര്യൻ രാവിലെ ഉദിക്കും എന്നതിനേക്കാൾ ശ്രേഷ്ഠമാണ് ആ സത്യം.

അപ്പോൾ, പിന്നെ, നാമധേയ വിഭാഗം കണ്ടെത്തിയതു പരിശുദ്ധാത്മാവാണോ എന്ന ചോദ്യമേ ഉദിക്കുന്നില്ല; കാരണം പരിശുദ്ധാത്മാവല്ല അതിനുത്തരവാദി എന്നു സ്പഷ്ടമാണ്. പിന്നെയോ, ചോദിക്കേണ്ടതു “അവന്റെ തിരുവെഴുത്തിൽ പറയുന്ന അതേ ക്രിസ്ത്യാനി ആയി മാത്രം അറിയപ്പെടുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ?” എന്നതാണ്. ഞാൻ എന്നോടു ചോദിക്കേണ്ട ചോദ്യം “അവന്റെ ലളിതമായ പദ്ധതിയിൽ ഞാൻ തൃപ്തനാണോ, അല്ലെങ്കിൽ ദൈവിക മാതൃകയെ അഗണ്യമായി കരുതുന്നതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുവാൻ ഞാൻ തയ്യാറാണോ?” തീർച്ചയായും, തന്റെ ദാസന്മാരാകുവാൻ ദൈവം

ആരെയും നിർബന്ധിക്കുന്നില്ല, എന്നാൽ തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം നല്കിയിട്ടുണ്ട്. ചില ആളുകൾ മതത്തിൽ ദൈവജ്ഞാനത്തിനുപകരം മനുഷ്യരുടെ ജ്ഞാനം എടുത്തിരിക്കയാണ് (അത്തരം ജ്ഞാനത്തിന്റെ ആകെത്തുകയാണ് ഇന്നത്തെ നാമധേയവിഭാഗങ്ങൾ). ദൈവം അതു അനുവദിക്കുന്നുണ്ട്, പക്ഷെ അവൻ മുന്നറിയിക്കുന്നു,

> എന്നാൽ ഇവ ഒക്കെയും നിമിത്തം, ദൈവം നിന്നെ ന്യായവിസ്താരത്തിലേക്കു നടത്തും എന്നറിക (സഭാപ്രസംഗി 11:9).

> ഇപ്പോൾ, യിസ്രായേലേ, നിങ്ങൾ ജീവിച്ചിരിപ്പാനും നിങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ യഹോവ നിങ്ങൾക്കു തരുന്ന ദേശം ചെന്നു കൈവശമാക്കുവാനും, തക്കവണ്ണം നിങ്ങൾ അനുസരിച്ചു നടക്കേണ്ടതിന്നു, ഞാൻ നിങ്ങളോടു ഉപദേശിക്കുന്ന ചട്ടങ്ങളും വിധികളും കേൾപ്പിൻ; ഞാൻ നിങ്ങളോടു കല്പിക്കുന്ന നിങ്ങളുടെ യഹോവയുടെ കല്പനകളെ നിങ്ങൾ പ്രമാണിക്കേണം, ഞാൻ നിങ്ങളോടു കല്പിക്കുന്ന വചനത്തോടു കൂട്ടുകയോ അതിൽ നിന്നു കുറെക്കയോ ചെയ്യരുത് (ആവർത്തന പുസ്തകം 4:1, 2).

> ഞാൻ നിങ്ങളോടു ആജ്ഞാപിക്കുന്നതൊക്കെയും പ്രമാണിച്ചു നടപ്പിൻ: അതിനോടു കൂട്ടരുത്; അതിൽ നിന്നു കുറെക്കയുമരുത് (ആവർത്തനപുസ്തകം 13:1)

> എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്നവൻ ഏവനുമല്ല; സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗത്തിൽ കടക്കുന്നത് (മത്തായി 7:21).

> ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനില്ക്കാതെ, അതിർ കടന്നു പോകുന്ന ഒരുത്തനും ദൈവം ഇല്ല: ഉപദേശത്തിൽ നിലനില്ക്കുന്നവനോ പിതാവും പുത്രനും ഉണ്ട് (2 യോഹന്നാൻ 9).

> ഈ പുസ്തകത്തിലെ പ്രവചനം കേൾക്കുന്ന ഏവനോടും ഞാൻ സാക്ഷീകരിക്കുന്നതെന്തെന്നാൽ, അതിനോടു ആരെങ്കിലും കൂട്ടിയാൽ ഈ പുസ്തകത്തിൽ എഴുതിയ ബാധകളെ ദൈവം അവന്നു വരുത്തും: ഈ പ്രവചനപുസ്തകത്തിലെ വചനത്തിൽ നിന്നു ആരെങ്കിലും വല്ലതും നീക്കിക്കളഞ്ഞാൽ, ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ജീവവൃക്ഷത്തിലും വിശുദ്ധനഗരത്തിലും അവന്നുള്ള അംശം ദൈവം നീക്കിക്കളയും (വെളിപ്പാട് 22:18, 19).

പരിശുദ്ധാത്മാവു, തന്റെ ഉപദേശത്തിൽ ഉടനീളം, ശക്തമായ ഭാഷയിൽ തന്നെ, അതിനോട് കൂട്ടുചേർക്കുന്നതും, കുറെക്കുന്നതും, മാറ്റം വരുത്തുന്നതും, ഭേദഗതി വരുത്തുന്നതും വിലക്കിയിരിക്കയാണ്. നാം

മരിക്കണം എന്നുള്ളതു നമുക്കു തീർച്ചയുള്ളതുപോലെ ഇതും തീർച്ചയാണെന്നു നമുക്ക് അറിയാം. നാമധേയ വിഭാഗീയത, അതിന്റെ എല്ലാ സങ്കീർണ്ണതകളും ഉപായങ്ങളും ക്രിസ്തുവിന്റെ ലാളിത്യത്തോടു കൂട്ടുചേർക്കപ്പെട്ട മനുഷ്യജ്ഞാനമാണ്. യേശു കല്ലറയിൽ നിന്നു ഉയിർത്തെഴുന്നേറ്റു എന്നപോലെ അതു സത്യമാണ്. തന്റെ പ്രവൃത്തിയോടു കൂട്ടുചേർക്കരുതെന്നും, ക്രിസ്തു മുഖാന്തരം നല്കിയ ലളിതമായ ക്രിസ്ത്യാനിത്വം മതി എന്നും പരിശുദ്ധാത്മാവ് ഉറപ്പിച്ചു വിലക്കിയിരിക്കുന്നു. അതു വിശദീകരിക്കാനാവാത്തതിനാൽ, പിന്നെ, എങ്ങനെ ഭക്തിയുള്ള ഹൃദയങ്ങൾക്ക് – മതത്തിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ പിൻപറ്റുവാൻ തീരുമാനിച്ച ഹൃദയമുള്ളവർ – എങ്ങനെ നാമധേയ വിഭാഗ ക്രിസ്ത്യാനിയായി തുടരും. അതിനെ സംബന്ധിച്ചു നിങ്ങൾ എന്തു ചെയ്യും? അതു നിങ്ങളുടെ ഉത്തരവാദിത്വമാണ്.

---

**ഐക്യതയും ഏകത്വവും**

"പരിശുദ്ധ പിതാവേ, അവർ നമ്മെപോലെ ഒന്നാകേണ്ടതിനു നീ എനിക്കു തന്നിരിക്കുന്ന എന്റെ നാമത്തിൽ അവരെ കാത്തുകൊള്ളേണമേ" (യോഹന്നാൻ 17:11).

"... അന്യോന്യം പൊറുക്കയും ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാപ്പാൻ ശ്രമിക്കയും ചെയ്‌വിൻ. നിങ്ങളെ വിളിച്ചപ്പോൾ, ഏക പ്രത്യാശക്കായി നിങ്ങളെ വിളിച്ചതുപോലെ; ശരീരം ഒന്നു, ആത്മാവു ഒന്നു, കർത്താവു ഒരുവൻ, വിശ്വാസം ഒന്നു, സ്നാനം ഒന്നു, എല്ലാവർക്കും മീതെയുള്ളവനും, എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും, എല്ലാവരിലും ഇരിക്കുന്നവനുമായി, എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ" (എഫെസ്യർ 4:3–6).

"ക്രിസ്തുവിൽ വല്ല പ്രബോധനവുമുണ്ടെങ്കിൽ, സ്നേഹത്തിന്റെ വല്ല ആശ്വാസവുമുണ്ടെങ്കിൽ, വല്ല ആർദ്രതയും മനസ്സലിവുമുണ്ടെങ്കിൽ, നിങ്ങൾ ഏകമനസ്സുള്ളവരായി ഏക സ്നേഹം പൂണ്ട് ഐകമത്യപ്പെട്ടു ഏകഭാവം ഉള്ളവരായി ഇങ്ങനെ എന്റെ സന്തോഷം പൂർണ്ണമാക്കുവിൻ" (ഫിലിപ്പിയർ 2:1, 2).

© 2009 Truth for Today